## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കുളമ്പുരോഗത്തെ പ്രതിരോധിക്കുന്നതിന് പാരമ്പര്യ ചികിത്സാ രീതികൾ

4 (*424) ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളമ്പുരോഗത്തെ പ്രതിരോധിക്കുന്നതിനായി പാരമ്പര്യ ചികിത്സാ രീതികൾ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം രീതിയിലുള്ള പാരമ്പര്യ ചികിത്സാരീതികൾ നിലവിലുണ്ട് ; അവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. തമിഴ്നാട് വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ വികസിപ്പിച്ചെടുത്ത Ethno Veterinary Medicine എന്ന ചികിത്സാ രീതി ഇവിടെയും പ്രഥമശുശ്രൂഷയുടെ ഭാഗമായി പ്രയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മറ്റു പാരമ്പര്യ ചികിത്സാ വിധികൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വകുപ്പിൽ ലഭ്യമല്ല.

### കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട്

5 (*425) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുവോ ; ഇതുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നോ ; വ്യക്തമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഏജൻസി നൽകിയ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമാണ് ;

(ഡി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് അനുഗുണമായ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഒട്ടനവധി മേഖലകളിലേക്ക് കോർപ്പറേഷൻ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനായി മാളയിൽ ചക്ക സംസ്കരണ ശാല, വയനാട്ടിൽ റൈസ്മിൽ ഇവയുടെ നിർമ്മാണപ്രവർത്തനം നടന്നുവരുന്നു. പട്ടികജാതി വകുപ്പിന്റെ സ്വയം പര്യാപ്ത ഗ്രാമങ്ങൾ, ഹൈടെക്ക് കൾട്ടിവേഷനു വേണ്ടിയുള്ള ഗ്രീൻ ഹൗസുകളുടെ നിർമ്മാണം, ജൈവ പാഴ്വസ്തുക്കൾ സംസ്കരിക്കുന്നതിലേക്കായി ബയോഗ്യാസ് പ്ലാന്റുകൾ, വിൻഡ് റോ കമ്പോസ്റ്റ് പ്ലാന്റുകൾ എന്നിവയും നിർമ്മിച്ചു നൽകുന്നു. കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിലേക്കായി പുനലൂരിൽ ഒരു കാർഷിക പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അഗ്രോ ബസാറുകളുടെ പ്രവർത്തനം 7 ജില്ലകളിൽ ആരംഭിച്ചു. തിരുവനന്തപുരത്ത് അഗ്രിമാൾ തുടങ്ങുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ബി) റിയാബിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. പക്ഷെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അഭാവത്തിൽ പുനർധനവിനിയോഗത്തിലൂടെ കെയ്കോ-യ്ക്ക് ധനസഹായം നൽകുന്നകാര്യം പരിഗണിക്കുകയുണ്ടായില്ല.

(സി)_ റിയാബ് നൽകിയ പ്രധാന ശുപാർശകൾ താഴെചേർക്കുന്നു :

1. അംഗീകൃത മൂലധനം ഇപ്പോഴത്തെ 500 ലക്ഷത്തിൽനിന്നും 2500 ലക്ഷമാക്കുക.
2. ഗവൺമെന്റ് ലോൺ 603.78 ലക്ഷം രൂപയുടെ പലിശമുക്തമാക്കുക. ലോൺ ഇക്വിറ്റി ആക്കി മാറ്റുക.
3. കെയ്കോയെ കൃഷി വകുപ്പിന്റെ കീഴിലുള്ള സ്കീമുകൾ നടപ്പാക്കുന്ന നോഡൽ ഏജൻസിയായി നിയമിക്കുക.
4. 26.81 ലക്ഷം രൂപ ഗ്യാരന്റി കമ്മീഷൻ ഇക്വിറ്റി ആക്കി മാറ്റുക
5. എഫിഷ്യന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുക.
6. ഡേറ്റാകൾ ഡിജിറ്റലൈസ് ചെയ്യുക.
7. കെയ്കോയെ കാർഷിക യന്ത്രവൽക്കരണത്തിനുള്ള ഒരു അപ്പക്സ് ഏജൻസിയായി മാറ്റുക.

LIBRARY ARCHIVES Kerala Legislative Assembly

8. വേസ്റ്റ് മാനേജ്മെന്റിനു എക്കോ ഫ്രണ്ട്ലി ടെക്നോളജി ഉപയോഗിക്കുകയും ഇതിനായി ഡോണർ സപ്പോർട്ട് നേടുകയും ചെയ്യുക.

9. കമ്മ്യൂണിറ്റി പ്രോജക്ടുകൾ നടത്തുന്നതിന് എൽ.എസ്.ജി.ഡി.-യുമായി ജോയിന്റ് വെഞ്ചർ ആക്കുക.

10. ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് മേഖലയിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

11. മാൻപവ്വർ പുനർനിർണ്ണയം ചെയ്യുക.

12. മൊത്തം 733.99 ലക്ഷം രൂപ ബാദ്ധ്യതയുള്ളതിൽ 510.1 ലക്ഷം രൂപ ഗവൺമെന്റ് സഹായവും ബാക്കി കെയ്ക്കോയുടെ വിറ്റുവരവിൽനിന്നും കൊടുത്തുതീർക്കുക.

13. കാനറാ ബാങ്കുമായുള്ള OTS-ന് ഗവൺമെന്റ് സപ്പോർട്ട് നൽകുക.

14. 500 ലക്ഷം രൂപയുടെ പ്രവർത്തന മൂലധനത്തിൽ 250 ലക്ഷം രൂപ സർക്കാർ സഹായവും ബാക്കി 250 ലക്ഷം രൂപ ബാങ്ക് വായ്പയായും സ്വരൂപിക്കുക.

15. മാനേജ്മെന്റ് സിസ്റ്റം ഡെവലപ്മെന്റിന് ട്രെയിനിംഗ് സഹായം നൽകുക.

16. അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിന്റെ പുനരുദ്ധാരണത്തിനായി സാമ്പത്തിക സഹായം നൽകുക.

(ഡി) റിയാബിന് പകരമായി സർക്കാർ നിർദ്ദേശിച്ച പ്രകാരം കോർപ്പറേഷൻ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഇതുവരെയും സമർപ്പിച്ചിട്ടില്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

6 (*426) ശ്രീ. എം. എ. ബേബി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പദ്ധതി വിഹിതത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തുക യഥാസമയം ലഭ്യമാക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്നതും അതുമൂലമുള്ള പ്രശ്നങ്ങളും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നുള്ള തുക സാമ്പത്തിക വർഷത്തിന്റെ നിശ്ചയിക്കപ്പെട്ട പാദങ്ങളിൽത്തന്നെ പൂർണ്ണമായും നൽകാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ് ; അനുവദിച്ചതിന്റെ കൂടുതൽ ഭാഗവും വർഷാവസാനമായിരുന്നുവോ ; ഈ രീതി അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly